# കോപിക്കുന്നതു ചിലപ്പോൾ നല്ലതു തന്നെ.

*(പാസ്റ്റർ ജോൺ റ്റി. കുരിയൻ)*

കോപിച്ചാൽ പാപം ചെയ്യാതിരിപ്പീൻ. സൂര്യൻ അസ്തമി- ക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്. **(എഫേസ്യർ 4:26).**

എഫേസ്യ ലേഖനത്തെ അഞ്ചായി വിഭാഗിച്ചു പഠിക്കുന്നു വെങ്കിൽ അതിൽ മൂന്നാമത്തെ വിഭാഗത്തിൽ വിശ്വാസികളുടെ നടപ്പും പ്രവർത്തനങ്ങളും ആണ് പ്രതിപാദിച്ചിരിക്കുന്നത്. ഈ വിഭാഗത്തിലെ ഏറ്റവും ശക്തമായ ഒരു പ്രബോധനം പൗലോസ് എഫേസ്യ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നതാണ് മുകളിലുള്ള ഉദ്ധരണി. കോപത്തിൻെറ അടിസ്ഥാനപരമായ കാരണം മിക്കവാറും വലിയ പ്രാധാന്യം ഉള്ളതായിരിക്കയില്ല. മലയാള ഭാഷയിലെ പഴമൊഴിയിൽ പറയുന്നതുപോലെ "വെറും ഉള്ളി പൊളിച്ചതു പോലെ" ഉള്ള കാരണങ്ങൾ ആയിരിക്കും. എന്നാൽകാപത്തിൻെറ ഫലമായി എത്ര ജീവിതങ്ങളാണ് തകരുന്നത്,എത്ര കുടുംബങ്ങളാണ് ശിഥിലീകരിക്കപ്പെടുന്നത്, എത്ര സംഘടനകളാണ് വിഭജിക്കപ്പെടുന്നത്.

പഴയ നിയമത്തിൽ 600-ൽ അധികം പ്രാവശ്യം കോപത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. പുതിയ നിയമത്തിലും അതു തുടരുന്നുണ്ട്. കയീൻ, മോശെ, ദാവീദ്, നെഹെമ്യവ്, യോന തുടങ്ങി കോപിച്ചവരുടെ പട്ടിക നീണ്ടു പോകുന്നു. കോപം ദൈവിക സ്വഭാവത്തിൽ പെട്ടതായി നാം കാണുന്നു. പരിശുദ്ധനായ ദൈവം സ്നേഹനിധി യാകുന്നുവെങ്കിലും, പാപത്തിനു നേരെ തൻെറ കോപം ജ്വലിച്ചിട്ടുണ്ട്. ദൈവത്തിൻെറ സാദൃശത്തിലും സ്വരൂപത്തിലും സൃഷ്ടി ക്കപ്പെട്ട മനുഷ്യനു കോപം ജന്മസഹജം തന്നെ. എന്നാൽ മനുഷ്യനുണ്ടാകുന്ന കോപം അവനെ നല്ല വഴിക്കു തിരിക്കുമെങ്കിൽ കോപിക്കുന്നത് നല്ലതു തന്നെ. ഉദാഹരണമായി മോശെ പർവ്വതത്തിൽ നിന്നു കല്പലകയുമായി ഇറങ്ങിവരുമ്പോൾ വിഗ്രഹാരാധന കണ്ടു കോപിച്ചു. അവർ ഉണ്ടാക്കിയ കാളക്കുട്ടിയെ പൊടിച്ചു കലക്കി ഇസ്രായേൽ മക്കളെ കുടിപ്പിച്ചു.(പുറപ്പാട് **32:20**) .ഇനിയും, യെരുശലേമിൻെറ മതിൽ പണിയിൽ ഏർപ്പെട്ട സഹോദരന്മാരെ പ്രഭുക്കന്മാർ ബുദ്ധിമുട്ടിച്ചതിൽ നെഹെമ്യാവ് ഏറ്റവും കോപിച്ചു (നെഹെമ്യാവ് **5:6**).

മനുഷ്യർ പ്രമാദരഹിതർ അല്ലാത്തതിനാൽ പലപ്പോഴും കോപം പാപത്തിലേക്കു നയിക്കുകയാണ് ചെയ്യാറുള്ളത് അതുകൊണ്ടത്രേ കൊലോസ്യ ലേഖനത്തിൽ ഇപ്രകാരം വിശുദ്ധ പൗലോസ് പ്രബോധിപ്പിക്കുന്നത്, "ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ വായിൽ നിന്നു വരുന്ന ദുർഭാഷണം ഇവ ഒക്കേയും വിട്ടുകളയുവിൻ (3: 8). കയീൻ കോപിച്ചു സഹോദരനെ നശിപ്പിക്കുന്നതിനു മുൻപ് യഹോവയായ ദൈവം താക്കീതു കൊടുത്തു, "നീ നന്മ ചയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു..... നീയോ അതിനെ കിഴടക്കേണം (ഉല്പത്തി 4:7). ദൈവത്തിൻെറ കല്പനയെ കയീൻ അവഗണിച്ചതിനാൽ അടുത്ത വാകൃത്തിൽ വായിക്കുന്നത്, "കയീൻ അനുജനായ ഹാബേലിനോടു കോപിച്ചു അവനെ കൊന്നു" എന്നാണ്. പാപം ചെയ്തതിനാൽ കയീൻ ശപിക്കപ്പെട്ടവനായി ദൈവ സന്നിധിയിൽ നിന്ന് വിരമിക്കേണ്ടി വന്നു. ഹാ എത്ര ദയനീയമായ അന്ത്യം. ഇനിയും ഇസ്രായേൽ മക്കൾ മെരീബാ വെള്ളത്തിങ്കൽ വച്ച് യഹോവയെ കോപിപ്പിച്ചതിനാൽ മോശെയ്ക്കും ദോഷം ഭവിച്ചു (സങ്കീർത്തനം 106:32) നാം എല്ലാവരും ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോ വികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിൻെറ മക്കൾ ആയിരുന്നു (എഫേസ്യർ 2:3). എന്നാൽ കരുണാ സമ്പന്നനായ ദൈവത്തിൻെറ കൃപയാൽ നമ്മേ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചതിനാൽ നമ്മുടെ ജഡത്തിൻെറ സ്വഭാവത്തെ മരിപ്പിക്കേണ്ടത് ആവശ്യമാണ്.

പാപം നമ്മുടെ മർത്യ ശരീരത്തിൽ അതിൻെറ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത് (റോമർ 6:12). ഒരു മേലുദ്യോഗസ്ഥൻെറയോ അധികാരിയുടേയോ മുമ്പാകെ നമ്മുടെ പല സ്വഭാവങ്ങളും പരിമിതപ്പെടുത്തുവാൻ നാം ശ്രദ്ധിക്കുമല്ലോ. അങ്ങനെയായാൽ സർവ്വശക്തനായ ദൈവത്തിൻെറ മുൻപാകെ നമ്മുടെ കോപം ഉൾപ്പടെയുള്ള ജഡ സ്വഭാവങ്ങളെ നാം അധിനപ്പെടുത്തിയേ മതിയാകയുള്ളു. യാക്കോബ് അപ്പോസ്തലൻ ഓർമ്മിപ്പിക്കന്നത് ശ്രദ്ധിക്കുക, "ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യൻെറ കോപം ദൈവത്തിൻെറ നീതിയെ പ്രവർത്തിക്കുന്നില്ല (1:19,20). ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ പറയുന്നത് "കോപശിലനോടു സഖിത്വം അരുത്, ക്രോധമുള്ള മനുഷ്യനോടുകൂടെ നടക്കയും അരുത്. നീ അവൻെറ വഴികളെ പഠിപ്പാനും നിൻെറ പ്രാണൻ കെണിയിൽ അകപ്പെടുവാനും സംഗതി വരരുത്". (സദൃ. 22:24,25). ഇനിയും സദൃശവാക്യം 14:29,30, "ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ, മുൻ കോപിയോ ഭോഷത്വം ഉയർത്തുന്നു. ശാന്തമനസ്സ് ദേഹത്തിനു ജീവൻ, അസൂയയോ അസ്ഥികൾക്കു ദ്രവത്വം. സദൃശവാക്യം 19.19, " മുൻകോപി പിഴ കൊടുക്കേണ്ടിവരും, നീ അവനെ വിടുവിച്ചാൽ അതു പിന്നെയും ചെയ്യേണ്ടി വരും". സദൃശവാക്യം 29:32, "കോപമുള്ളവൻ വഴക്കുണ്ടാക്കുന്നു, കോധമുള്ളവൻ അതിക്രമം വർദ്ധിപ്പിക്കുന്നു'.

എന്നാൽ യേശുവിൻെറ പർവ്വത പ്രസംഗം ശ്രദ്ധിക്കുക, "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും'.(മത്തായി 5:5). "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിൻെറ പുത്രന്മാർ എന്നു വിളിക്കപ്പെടും" ങ്കമത്തായി 5ആ9ക്ക ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് അഹങ്കാരികളോട് അസൂയയും കോപവും തോന്നിയ സങ്കീർത്തനക്കാരൻ (സങ്കീർത്തനം 73:3-17), ദൈവാലയത്തിൽ ചെന്നു അവരുടെ അന്തം എന്താകുമെന്നു ചിന്തിക്കുവാനും ദൈവം തനിക്കു വേണ്ടി നല്കിയിരിക്കുന്ന അനുഗ്രഹത്തെ ഗ്രഹി ക്കുവാനും കഴിഞ്ഞുവല്ലോ. സത്യത്തിലും ആത്മാവിലുമുള്ള ആരാധനയിൽകൂടിയുള്ള വിടുതൽ നമുക്കേവർക്കും പ്രാപിക്കുവാൻ കർത്താവു കൃപ ധാരാളം നല്കുമാറാകട്ടെ. ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മീക വർദ്ധനയ്ക്കും ഉള്ളതിനു ശ്രമിച്ചു കൊൾക.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved